8	പുഷ്പമണി	,,	12
9	സുരേഷ്	സഹോദരൻ	11

മരിച്ചുപോയ ശ്രീ. രാധാകൃഷ്ണൻ അവിവാഹിതനാണ്. മുകളിൽ പറഞ്ഞിരിക്കുന്നവരിൽ രണ്ടു മുതൽ അഞ്ചുവരെ കക്ഷികൾ തങ്ങൾക്കുള്ള അവകാശം ഒന്നാം പേരുകാരന് ഒഴിഞ്ഞുകൊടുത്തുകൊണ്ട് രേഖാമൂലം മൊഴി ഹാജരാക്കിയിട്ടുണ്ട്. ആറുമുതൽ ഒൻപതുവരെ പേരുകാർ മൈനർകളും ഒന്നാം പേരുകാരന്റെ സംരക്ഷണയിൽ കഴിഞ്ഞുവരുന്നതും ആകുന്നു. ആകയാൽ ടി തുക വാങ്ങാനുള്ള ഏകാവകാശി ഒന്നാം പേരുകാരനായ ശ്രീ. കെ. തങ്കപ്പൻപിള്ള മാത്രമാണെന്ന് കാണിച്ചു അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ഏതെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കൃത്യം 30 ദിവസത്തിനകം ഈ ആഫീസ് മുൻപാകെ നേരിട്ടു രേഖാമൂലം ബോധിപ്പിക്കേണ്ടതും, അവധി കഴിഞ്ഞും തപാൽ മാർഗ്ഗവും വരുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതുമാകുന്നു.

(6)

സി2-11474/83. 1983 ജൂലൈ 8.

കൊല്ലം താലൂക്കിൽ, ജോനകപ്പുറം വാർഡിൽ, തുണ്ടുപുരയിടം വീട്ടിൽ താമസിച്ച് കേരളാസ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വക ചെങ്ങന്നൂർ ഷീപ്പ്യായിൽ ജോലി നോക്കി വരവെ മരണമടഞ്ഞ, ശ്രീ. എ. എം. കുഞ്ഞിന് കെ. എസ്. ആർ. റ്റി. സി. യിൽ നിന്നും ഗ്രാറ്റുവിറ്റി ഇനത്തിൽ കിട്ടാനുള്ള 2,500 രൂപായിൽ താഴെ വരുന്ന തുക വാങ്ങുവാനായി ഒരു അവകാശ സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് കാണിച്ച് ടി വീട്ടിൽ ശ്രീമതി റഹിയാനത്ത് ബീവി ബോധിപ്പിച്ചു വന്ന അപേക്ഷ കൊല്ലം വെസ്റ്റ് വില്ലേജാഫീസർ മുഖാന്തിരം അവകാശവിചാരണ നടത്തി, അതിൻപ്രകാരം ശ്രീ. എ. എം. കുഞ്ഞ് 31-10-1981-ൽ മരണമടഞ്ഞതായും ടിയാന് അവകാശികളായി താഴെ പറയുന്നവർ മാത്രമുള്ളതായും ബോദ്ധ്യപ്പെട്ടിരിക്കുന്നു.

ക്രമ നമ്പർ	അവകാശികളുടെ പേര്	പരേതനുമായുള്ള ബന്ധം	വയസ്സ്
1	ഇ. റഹിയാനത്തുബീവി	ഭാര്യ	25
2	അനിലാഷ്	മകൻ	4
3	അഹമ്മദ്	,,	1½
4	കെ. ഫാത്തിമകുഞ്ഞ്	മാതാവ്	52
5	എ. അലിയാരുകുഞ്ഞ്	പിതാവ്	.

മുകളിൽ പറഞ്ഞിരിക്കുന്നവരിൽ രണ്ടും, മൂന്നും കക്ഷികൾ മൈനറുകളും ഒന്നാം പേരുകാരിയുടെ സംരക്ഷണയിൽ കഴിഞ്ഞുവരുന്നതും ആകുന്നു. ആകയാൽ പരേതന് ലഭിക്കുവാനുള്ള ടി തുക വാങ്ങാനുള്ള അവകാശികൾ ഒന്നാം പേരുകാരിയായ ശ്രീമതി ഇ. റഹിയാനത്ത് ബീവിയും, നാലാം പേരുകാരിയായ ശ്രീമതി കെ. ഫാത്തിമാകുഞ്ഞും അഞ്ചാം പേരുകാരനായ ശ്രീ. എ. അലിയാരുകുഞ്ഞും മാത്രമാണെന്ന് കാണിച്ച് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ഏതെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കൃത്യം 30 ദിവസത്തിനകം ഈ ആഫീസ് മുമ്പാകെ നേരിട്ട് രേഖാമൂലം ബോധിപ്പിക്കേണ്ടതും, അവധി കഴിഞ്ഞും തപാൽ മാർഗ്ഗവും വരുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതുമാകുന്നു.

കൊല്ലം. (ഒപ്പ്)
തഹശീൽദാർ.

Pathanapuram Taluk

പത്തനാപുരം താലൂക്കാഫീസിൽനിന്നും പരസ്യപ്പെടുത്തുന്നത്.

No. C2-5472/83. 1983 ജൂലൈ 13.

പത്തനാപുരം താലൂക്കിൽ പിടവൂർ വില്ലേജിൽ കളിലുവിള വീട്ടിൽ ശ്രീ. എസ്. ബാലകൃഷ്ണപിള്ള A. R. D. 94-ാം നമ്പർ റേഷൻ ഡിപ്പോ നടത്തിവരവെ 16-3-1980-ൽ മരിച്ചുപോയതായും പരേതൻ 1966 ഫെബ്രുവരി 15-ാം തീയതി നാഷണൽ ഡിഫൻസ് ഫണ്ടിലേക്ക് No. M. S. 051724-ാം നമ്പരായി 6 ഗ്രാം സ്വർണ്ണ ബോണ്ട് എടുത്തിട്ടുള്ളതും ടി സ്വർണ്ണം തിരിച്ചുകിട്ടുന്നതിന് ഒരവകാശ സർട്ടിഫിക്കറ്റ് കിട്ടണമെന്നു കാണിച്ച് പരേതന്റെ ഭാര്യ സമർപ്പിച്ച അപേക്ഷയിൻമേൽ അന്വേഷണം നടത്തിയതിൽ ശ്രീമതി ഇ.കെ. തങ്കമ്മ, കളിലുവിള വീട്, കമുകുംചേരി, പിടവൂർ അവകാശിയാണെന്നു കാണുന്നു. (സി2-5073/80-ാം നമ്പരായി അവകാശ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതും എന്നാൽ അതിൽ ടി സംഗതി ചേർത്തിട്ടില്ലാത്തതുമാണ്.)

പത്തനാപുരം. എം. ജോർജ് ഈപ്പൻ,
തഹശീൽദാർ.

ALLEPPEY DISTRICT

Karthigappally Taluk

SALE NOTICE

No. C4-3432/83. *14th July 1983.*

It is hereby notified that the timber specified in the schedule below will be sold by public auction by the Revenue Divisional Officer, Alleppey on 30-8-1983 or any other day to which the sale may be adjourned, subject to the following conditions. The timber will be sold in one lot and knocked down to the highest bidder.

1. Every one bidding at the sale should state whether he bids on his own account or as an agent, and in the latter case, should deposit a written authority signed by the Principal, otherwise his bid will be rejected.

2. The Selling Officer, either on grounds of doubtful solvency or other reasons recorded by him in writing may at his discretion disqualify a bidder from bidding at the sale.

3. Every intending bidder shall deposit with the selling officer Rs. 250 an earnest money before the commencement of the sale. The sale is subject to confirmation by the District Collector, Alleppey. The Collector, also reserves the power of cancelling the sale or accepting a bid other than the highest without assigning any reason. The deposit of the unsuccessful bidders will be refunded at the close of the sale.

4. The successful bidder shall, immediately after the sale, deposit the purchase money in lump. The earnest money paid under clause (3) will be adjusted towards the purchase.

5. In case of default of the due payment of purchase money, the timber may be sold by the Selling Officer at the expense and the risk of the purchaser, being also liable to forfeiture.

The purchaser shall not cut or remove the timber unless and until the sale has been confirmed and the full amount paid, but shall cut and remove them within the time allowed, it may be resold by the Selling Officer at the expense and risk of the purchaser, the money paid by the purchaser being also liable to forfeiture.

The time allowed for the removal of the timber may be extended in the discretion of the confirming authority but he shall not be bound so to extend it.

6. Where the Selling Officer orders a resale of the timber under clause shall be given to the purchaser and he shall not after the receipt of such notice, cut and remove the tree. Any loss resulting from the resale, with interest thereon at the rate of 12 per cent per annum will be realised from the purchaser as if it were an arrear on land Revenue, but in no circumstances will the purchaser be entitled to the profit, if any according at the resale.

7. The order of confirmation will be subject to the revision within one month from the date of confirmation, by the authority superior to the confirming authority, if the revising of authority is satisfied that there has been a material irregularity in the conduct of the sale or that the order exceeded the powers of the officer who passed it or that it was passed under a mistake of fact or owing to fraud or misrepresentation.

8. The timber should be cut and removed without causing any damages to the adjoining houses or other buildings or property and the auction purchaser will be liable for any such damages.

9. No concession will be allowed for any difficulty the purchaser may experience in cutting and removing the timber.

10. It should be distinctly understood that Government are not liable for any errors or omissions in the schedule below:

SCHEDULE

District—Alleppey.

Taluk—Karthigappally. Village—Kumarapuram.

Description of the tree—One timber dugout from poromboke–Thodu (10 metres in length and a Girth of about 50 inches.)

Taluk Office,
Karthigappally.

(Sd.)
Tahsildar.

Kuttanad Taluk

കുട്ടനാട് താലൂക്കാഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത്.

(1)

എ2-4234/83. 1983 ജൂലൈ 11.

മുട്ടാർ വില്ലേജിൽ ടി മുറിയിൽ മേലേതുരുത്തേൽ ഫിലിപ്പോസ് ചാക്കോ 9-2-1983-ൽ മരിച്ചുപോയിട്ടുള്ളതും ടിയാൻ ട്രാവൻകൂർ സ്റ്റേററ് ബാങ്കിന്റെ രാമങ്കരി ശാഖയിൽ പണയം വച്ചിട്ടുള്ള 2500 രൂപയുടെ സ്വർണ്ണ ഉരുപ്പടികൾ തിരിച്ചെടുക്കുന്നതിന് ഒരു അവകാശസർട്ടിഫിക്കററ് നൽകണമെന്നു കാണിച്ച് ടിയാന്റെ മകൻ ടിയിൽ ചാക്കോ ജോസഫ് ബോധിപ്പിച്ച അപേക്ഷ മുറപ്രകാരം മുട്ടാർ വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിവന്ന റിക്കാർഡുകൾ പരിശോധിച്ചതിൽ പരേതന് താഴെ പറയുന്ന അവകാശികൾ മാത്രം ഉള്ളതായി കാണുന്നു.

			വയസ്സ്
1	അന്നമ്മ	ഭാര്യ	
2	ത്രേസ്യാമ്മ	മകൾ	35
3	അന്നമ്മ	,,	28
4	ചാക്കോ ജോസഫ്	മകൻ	32

മേൽ അവകാശികളിൽ രണ്ടും മൂന്നും പേരുകാരെ ക്രിസ്ത്യൻ നിയമപ്രകാരം വിവാഹം കഴിച്ചു വിട്ടിട്ടുള്ളതും ഒന്നാം പേരുകാരി സ്വർണ്ണ ഉരുപ്പടികൾ എടുക്കുന്നതിനുള്ള അവകാശം 4-ാം പേരുകാരനായ അപേക്ഷകൻ വിട്ടൊഴിഞ്ഞു രേഖാമൂലം സമ്മതിച്ചിട്ടുള്ളതുമാകുന്നു.

ആകയാൽ മുട്ടാർ വില്ലേജിൽ ടി മുറിയിൽ മേലേതുരുത്തേൽ പരേതനായ ഫിലിപ്പോസ് ചാക്കോ ട്രാവൻകൂർ സ്റ്റേററ് ബാങ്കിന്റെ രാമങ്കരി ശാഖയിൽ പണയം വച്ചിട്ടുള്ള 2500 രൂപയുടെ സ്വർണ്ണ ഉരുപ്പടികൾ തിരിച്ചെടുക്കുന്നതിനുള്ള നിയമാനുസൃത അവകാശി ടിയിൽ പരേതന്റെ പുത്രൻ ചാക്കോജോസഫ് ആണെന്നു കാണിച്ച് ഒരു അവകാശ സർട്ടിഫിക്കററ് നൽകുന്നതിന് ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ പരസ്യം കേരളഗസററിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം രേഖാമൂലം നേരിട്ടു സമർപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗമായും കിട്ടുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

(2)

എ2-4235/83. 1983 ജൂലായ് 11.

തകഴി വില്ലേജിൽ പടഹാരം മുറിയിൽ മണിയല വീട്ടിൽ എം. എസ്. നാരായണപിള്ള മിലിട്ടറി സർവ്വീസിൽനിന്നും പെൻഷൻ പററി കഴിഞ്ഞുവരവെ 23-3-1933-ൽ മരിച്ചുപോയിട്ടുള്ളതും, ടിയാന് കുടുംബ പെൻഷൻ ഇനത്തിൽ കിട്ടിവരുന്ന 150 രൂപയ്ക്കു താഴെ വരുന്ന പ്രതിമാസ പെൻഷൻ തുക തുടർന്നു വാങ്ങുന്നതിന് ഒരു അവകാശ സർട്ടിഫിക്കററ് ടിയാന്റെ ഭാര്യ ടിയിൽ R. അംബുജാക്ഷിയമ്മ സമർപ്പിച്ച് അപേക്ഷ മുറപ്രകാരം തകഴി വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിവന്ന റിക്കാർഡുകൾ പരിശോധിച്ചതിൽ പരേതന് താഴെ പറയുന്ന അവകാശികൾ മാത്രമുള്ളതായി കാണുന്നു.

			വയസ്സ്
1	അംബുജാക്ഷിയമ്മ, R.	ഭാര്യ	
2	പ്രദീപ് എം. എൻ.	മകൻ	11
3	പ്രവീൺ എം. എൻ.	,,	6
4	പ്രശാന്ത് എം. എൻ.	,,	3
5	കമലാക്ഷിയമ്മ	മാതാവ്	

മേൽ അവകാശികളിൽ 5-ാം പേരുകാരി തന്റെ അവകാശം ഒന്നാം പേരുകാരിക്ക് വിട്ടൊഴിഞ്ഞ് കൊടുത്തിട്ടുണ്ട്. 2 മുതൽ 4 വരെ പേരുകാർ മൈനർകളും ഒന്നാം പേരുകാരിയുടെ സംരക്ഷണയിലുമാണ്.

ആകയാൽ തകഴി വില്ലേജിൽ പടഹാരം മുറിയിൽ മണിയല വീട്ടിൽ പരേതനായ എം. എസ്. നാരായണപിള്ളയ്ക്ക് മിലിട്ടറി പെൻഷൻ ഇനത്തിൽ കിട്ടിക്കൊണ്ടിരിക്കുന്ന 150 രൂപയിൽ താഴെ വരുന്ന പ്രതിമാസ കുടുംബ പെൻഷൻ തുടർന്നുവാങ്ങുന്നതിനുള്ള നിയമാനുസൃതാവകാശി ടിയിൽ പരേതന്റെ ഭാര്യ ടിയിൽ R. അംബുജാക്ഷിയമ്മ ആണെന്നു കാണിച്ച് ഒരു അവകാശ സർട്ടിഫിക്കററ് നൽകുന്നതിന് ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ടു ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽ മാർഗ്ഗമായും കിട്ടുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

കുട്ടനാട്.

കെ. വി. ഫിലിപ്പ്,
തഹസിൽദാർ.

Thiruvalla Taluk

പരസ്യം

(1)

നമ്പർ സി8-6379/83. 1983 ജൂൺ 14.

തിരുവല്ലാ താലൂക്കിൽ പുറമററം വില്ലേജിൽ വാലോകര മുറിയിൽ തോപ്പിൽ വടക്കേതിൽ റ്റി. എൻ. കുട്ടൻപിള്ള 30-6-1982-ൽ നിര്യാതനായി എന്നും ടിയാന്റെ പേരിൽ പെൻഷൻ കുടിശ്ശികയിനത്തിൽ കിട്ടുവാനുള്ള 2,500 രൂപയിൽ താഴെ വരുന്ന തുക വാങ്ങുന്നതിനുവേണ്ടി അവകാശസർട്ടിഫിക്കററ് നൽകണമെന്നു കാണിച്ച് ടിയാന്റെ ഭാര്യ ടി തോപ്പിൽ വടക്കേതിൽ റ്റി. കെ. സരസമ്മ ബോധിപ്പിച്ച അപേക്ഷ പുറമററം വില്ലേജാഫീസർ മുഖാന്തിരം അവകാശവിചാരണ നടത്തി വരുത്തിയ റിക്കാർഡുകൾ പരിശോധിച്ചതിൽ ടിയാന്റെ അവകാശികളായി

			വയസ്
1	റ്റി. കെ. സരസമ്മ	ഭാര്യ	..
2	സജി	മകൻ	18
3	സനിൽ	,,	16
4	സുജാകുമാരി	മകൾ വിവാഹിത	..

എന്നിവർ മാത്രമുള്ളതായും. ഇതിൽ 2, 4 എന്നി കക്ഷികൾ ടി തുക 1-ാം കക്ഷി വാങ്ങുന്നതിന് സമ്മതിച്ച് മൊഴി തന്നിട്ടുള്ളതാണ്. 3-ാം കക്ഷി 1-ാം കക്ഷിയുടെ സംരക്ഷണയിൽ കഴിഞ്ഞുവരുന്നതുമാകുന്നു. ആയതിനാൽ പരേതനായ ശ്രീ. റ്റി. എൻ. കുട്ടൻപിള്ളയുടെ പേരിൽ മുകളിൽ വിവരിച്ചപ്രകാരം കിട്ടുവാനുള്ള 2,500 രൂപയിൽ താഴെ വരുന്ന തുക വാങ്ങുന്നതിനുള്ള അവകാശി ടിയാന്റെ ഭാര്യ റ്റി. കെ. സരസമ്മയാണെന്ന് കാണിച്ച് അവകാശസർട്ടിഫിക്കററ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം തഹശീൽദാർ മുമ്പാകെ രേഖാമൂലം ബോധിപ്പിച്ചുകൊള്ളണം. കാലാവധി കഴിഞ്ഞും തപാലിലും കിട്ടുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

(2)

സി8-7418/83. 1983 ജൂൺ 15.

തിരുവല്ലാ താലൂക്കിൽ കവിയൂർ വില്ലേജിൽ കുന്നന്താനം മുറിയിൽ പത്മനാഭ നിവാസിൽ എം. പി. രാഘവൻ 18-4-1983-ൽ നിര്യാതനായി എന്നും ടിയാന്റെ പേരിൽ ശമ്പളം, അലവൻസ് എന്നി ഇനങ്ങളിൽ കിട്ടുവാനുള്ള 5000 രൂപയിൽ താഴെ വരുന്ന തുക വാങ്ങുന്നതിനുവേണ്ടി അവകാശ സർട്ടിഫിക്കററ് നൽകണമെന്ന് കാണിച്ച് ടിയാന്റെ ഭാര്യ എൻ. തങ്കമ്മ ബോധിപ്പിച്ച അപേക്ഷ കവിയൂർ വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തി വരുത്തിയ റിക്കാർഡുകൾ പരിശോധിച്ചതിൽ ടിയാന്റെ അവകാശികളായി

			വയസ്
1	എൻ. തങ്കമ്മ	ഭാര്യ	
2	പ്രീതാ റ്റി. ആർ.	മകൾ	19
3	പ്രദീപ്	മകൻ	14

എന്നിവർ മാത്രമുള്ളതായും ഇതിൽ 2-ാം കക്ഷി ടി തുക 1-ാം കക്ഷി വാങ്ങുന്നതിന് സമ്മതിച്ച് മൊഴി തന്നിട്ടുള്ളതാണ്. 3-ാം കക്ഷി 1-ാം കക്ഷിയുടെ സംരക്ഷണയിൽ കഴിയുന്നു. ആയതിനാൽ പരേതനായ ശ്രീ. എം. പി. രാഘവന്റെ പേരിൽ മുകളിൽ വിവരിച്ച പ്രകാരം കിട്ടുവാനുള്ള 5000 രൂപയിൽ താഴെ വരുന്ന തുക വാങ്ങുന്നതിനുള്ള അവകാശി ടിയാന്റെ ഭാര്യ എൻ. തങ്കമ്മയാണെന്ന് കാണിച്ച് അവകാശ സർട്ടിഫിക്കററ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് പരസ്യം ഗസററിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം തഹശീൽദാർ മുമ്പാകെ രേഖാമൂലം ബോധിപ്പിച്ചുകൊള്ളണം. കാലാവധി കഴിഞ്ഞും തപാലിലും കിട്ടുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

(3)

സി8-6382/83. 1983 ജൂൺ 15.

തിരുവല്ലാ താലൂക്കിൽ പുറമററം വില്ലേജിൽ മത്സ്യഭാഗം തെക്കേക്കര മുറിയിൽ വട്ടക്കോട്ടാൽ കാലായിൽ ചാക്കോ ചാക്കോ 22-1-1982-ൽ നിര്യാതനായി എന്നും, ടിയാന്റെ ശമ്പളമിനത്തിൽ കിട്ടുവാനുള്ള 198 രൂപാ കിട്ടുന്നതിനുവേണ്ടി അവകാശ സർട്ടിഫിക്കററിനുവേണ്ടി ബോധിപ്പിച്ച അപേക്ഷ പുറമററം വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തി വരുത്തിയ റിക്കാർഡുകൾ പരിശോധിച്ചതിൽ ടിയാന്റെ അവകാശികളായി

1.	വി. സി. ബേബി	മകൻ
2	വി. സി. മേരിക്കുട്ടി	മകൾ

എന്നിവർ മാത്രമുള്ളതായും ഇതിൽ 2-ാം കക്ഷി ടി തുക 1-ാം കക്ഷി വാങ്ങുന്നതിന് സമ്മതിച്ച് മൊഴി തന്നിട്ടുള്ളതാണ്. ആയതിനാൽ പരേതനായ ശ്രീ. ചാക്കോ ചാക്കോയുടെ പേരിൽ മുകളിൽ വിവരിച്ച പ്രകാരം കിട്ടുവാനുള്ള 198 രൂപ വാങ്ങുന്നതിനുള്ള അവകാശി ടിയാന്റെ മകൻ വി. സി. ബേബിയാണെന്ന് കാണിച്ച് അവകാശ സർട്ടിഫിക്കററ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം തഹശീൽദാർ മുമ്പാകെ രേഖാമൂലം ബോധിപ്പിച്ചുകൊള്ളണം. കാലാവധി കഴിഞ്ഞും തപാലിലും കിട്ടുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

(4)

സി8-6380/83. 1983 ജൂൺ 16.

തിരുവല്ലാ താലൂക്കിൽ കടപ്ര വില്ലേജിൽ പഴിക്കൽ വീട്ടിൽ ഈശ്വരിയമ്മ 12-4-1983-ൽ നിര്യാതയായി എന്നും. ടിയാളുടെ ഭർത്താവ് കെ. ആർ. ഗോപാലപിള്ളയുടെ പെൻഷനും മററു ആനുകൂല്യങ്ങളും ഭാര്യയായ ശ്രീമതി ഈശ്വരിയമ്മയ്ക്ക് ലഭിച്ചു വന്നിരുന്നത് (മൊത്തം 5000 രൂപയിൽ താഴെ) വാങ്ങുന്നതിനുവേണ്ടി അവകാശ സർട്ടിഫിക്കററ് നൽകണമെന്നു കാണിച്ച് ടിയാന്റെ മകൻ വേണു ഗോപാൽ സമർപ്പിച്ച അപേക്ഷ കടപ്ര വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തി വരുത്തിയ റിക്കാർഡുകൾ പരിശോധിച്ചതിൽ ടി ഈശ്വരിയമ്മയുടെ അവകാശികളായി

1	ഗൗരിയമ്മ	മാതാവ്	
2	സന്തോഷ് കുമാരി	മകൾ	വിവാഹിത
3	സുരേഷ് കുമാരി	,,	അവിവാഹിത
4	സുചിത്രാ കുമാരി	,,	,,
5	വേണു ഗോപാൽ	മകൻ	18 വയസ്

എന്നിവർ മാത്രമുള്ളതായും ഇതിൽ 1-ാം പേരുകാരിയുടെ അവകാശം 2 മുതൽ 5 വരെയുള്ള കക്ഷികൾ വാങ്ങുന്നതിന് സമ്മതിച്ച് മൊഴി തന്നിട്ടുള്ളതാണ്. 2-ം, 3-ം കക്ഷികൾ ടി തുക 5-ാം കക്ഷി വാങ്ങുന്നതിന് സമ്മതിച്ച് മൊഴി തന്നിട്ടുള്ളതാണ്. 4-ാം കക്ഷി 5-ാം കക്ഷിയുടെ സംരക്ഷണയിൽ കഴിഞ്ഞു വരുന്നതുമാണ്. ആയതിനാൽ പരേതനായ ശ്രീ. കെ. ആർ. ഗോപാലപിള്ളയുടെ പേരിൽ മുകളിൽ വിവരിച്ച പ്രകാരം കിട്ടുവാനുള്ള 5000 രൂപയിൽ താഴെ വരുന്ന തുക വാങ്ങുന്നതിനുള്ള അവകാശി ടിയാന്റെ മകൻ വേണുഗോപാൽ ആണെന്നു കാണിച്ച് അവകാശ സർട്ടിഫിക്കററ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം ആയത് പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം തഹശീൽദാർ മുമ്പാകെ രേഖാമൂലം ബോധിപ്പിച്ചുകൊള്ളണം. കാലാവധി കഴിഞ്ഞും തപാലിലും കിട്ടുന്നതായ പരാതികൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
തിരുവല്ല. തഹശീൽദാർ.

Mavelikara Taluk

പരസ്യം.

എച്ച്. സി 35/83. 1983 ജൂലൈ 13.

മാവേലിക്കര താലൂക്കിൽ പെരിങ്ങാല വില്ലേജിൽ ഈരേഴ മുറിയിൽ താനുവേലിൽ വീട്ടിൽ ആർ. സുരേന്ദ്രൻ

തുശ്ശിനാപ്പള്ളിയിൽ പൊന്നമ്മ ഹൈസ്കൂളിൽ പ്യൂണായി ജോലിനോക്കി വരവെ 14-9-1982-ൽ ഇടുക്കിയിൽ വച്ച് ഒരപകടത്തെ തുടർന്ന് മരിച്ചുപോയെന്നും ടിയാന് കിട്ടാനുള്ള 3,000 രൂപയിൽ താഴെ വരുന്ന തുക കൈപ്പറ്റുന്നതിന് അവകാശ സർട്ടിഫിക്കററു കിട്ടണമെന്നു കാണിച്ച് പരേതന്റെ ഭാര്യ കെ. ഉഷ ബോധിപ്പിച്ച അപേക്ഷ പെരുങ്ങാല വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തിവന്ന റിക്കാർഡുകൾ പരിശോധിച്ചതിൽ ശ്രീ. ആർ. സുരേന്ദ്രൻ 14-9-1982-ൽ മരിച്ചുപോയെന്നും അവകാശികളായി പരേതന്റെ ഭാര്യയും അപേക്ഷകയുമായ ശ്രീമതി കെ. ഉഷയും മക്കൾ 3 വയസുള്ള ഷിബുവും 8 മാസം പ്രായമുള്ള ഷിബായും പരേതന്റെ മാതാവ് 49 വയസുള്ള പൊന്നമ്മയും പിതാവ് 55 വയസുള്ള ജനാർദ്ദനനും പരേതന്റെ സഹോദരൻ 25 വയസുള്ള ശശിധരനും, 23 വയസുള്ള രാജേന്ദ്രനും മാത്രം ആണെന്ന് അറിവായിരിക്കുന്നു. പരേതന്റെ മാതാപിതാക്കളും സഹോദരൻമാരും തങ്ങളുടെ അവകാശം കൂടി ശ്രീമതി കെ. ഉഷ വാങ്ങുന്നതിന് സമ്മതിച്ച് എഴുതിതന്നിരിക്കുന്നതിനാലും മക്കൾ മൈനറുകളായതിനാൽ മാതാവിന്റെ സംരക്ഷണയിൽ കഴിഞ്ഞു വരുന്നതിനാലും മേൽപ്പറഞ്ഞ തുക വാങ്ങിക്കുന്നതിനുള്ള നിയമാനുസൃത അവകാശി ശ്രീമതി കെ. ഉഷയാണെന്നു സർട്ടിഫിക്കററ് കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസററിൽ പ്രസിദ്ധം ചെയ്ത് 30 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ നേരിട്ട് ബോധിപ്പിച്ചുകൊള്ളണം. താമസിച്ചും തപാൽ മാർഗ്ഗമായും കിട്ടുന്ന ആക്ഷേപങ്ങൾ പരിഗണിക്കപ്പെടുന്നതല്ല.

താലൂക്കാഫീസ്,
മാവേലിക്കര

പി. എൻ. പ്രഭാകരൻപിള്ള,
തഹശീൽദാർ.

IDUKKI DISTRICT

Devicolam Taluk

ലേലപരസ്യം

ബി5-1229/83. 1983 ജൂലൈ 20.

ദേവികുളം താലൂക്കിൽ അടിമാലികരയിൽ ചിറക്കക്കുടിയിൽ വീട്ടിൽ സി. എം. ഏലിയാസ് എന്നയാൾക്ക് കേരളാ സ്റേററ് സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്പ്മെൻറ് ആൻറ് എംപ്ലോയിമെൻറ് കോർപ്പറേഷനിൽ നിന്നും പ്ലാസ്ററിക് വ്യവസായം തുടങ്ങുന്നതിന് നൽകിയിരുന്ന ബ്രിഡ്ജ് ഫൈനാൻസ് കുടിശ്ശികയും പലിശയും തിരിച്ചടയ്ക്കാതിരിക്കുന്നതിന് ടി കുടിശ്ശികത്തുകയും പലിശയും കോർപ്പറേഷനിലേക്ക് ഈടാക്കുന്നതിന് ടിയാന്റെ വക അടിമാലി മിനി ഇൻഡസ്ട്രിയൽ കെട്ടിടത്തിൽ സൂക്ഷിച്ചിരുന്നതും, ഇപ്പോൾ ജപ്തി ചെയ്തു മന്നാങ്കണ്ടം വില്ലേജാഫീസറുടെ അധീനതയിൽ ഇരിക്കുന്നതുമായ പ്ലാസ്ററിക് സാധനങ്ങൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന യന്ത്രം (Brin Co-model BROF-20 X trudes with orientation equipment and dies for X trusion of high density polythyl nemono philiment) അടിമാലിയിലുള്ള മന്നാങ്കണ്ടം വില്ലേജാഫീസിൽ വെച്ച് 1983 ആഗസ്ററ് മാസം 18-ാം തിയതി പകൽ 11 മണിക്ക് ദേവികുളം തഹശീൽദാർ പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണെന്ന വിവരം അറിയിക്കുന്നു. ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 1,000 രൂപ (ആയിരം രൂപ) നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതും ലേലം കഴിഞ്ഞാലുടൻ ലേലം പിടിച്ച ആളിന്റേതു കഴിച്ച് ബാക്കിയുള്ളവരുടെ നിരതദ്രവ്യം അപ്പോൾതന്നെ മടക്കി കൊടുക്കുന്നതുമാണ്. ലേലം പിടിക്കുന്ന ആൾ മുഴുവൻ ലേലത്തുകയും വിൽപ്പനനികുതിയും ഉടൻതന്നെ കെട്ടിവെയ്ക്കേണ്ടതാണ്.

ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്ന മെഷിനറിയുടെ പ്രധാനഭാഗങ്ങളുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1 കൺട്രോളർ
2 മോണോ ഫിലമെൻറ് എസ്ട്രൂഡർ
3 കൂളിങ്ങ് ടാങ്ക്
4 ഫിലമെൻറ് സ്ട്രെറ്റനിംഗ് മെഷീൻ
5 ഫിലമെൻറ് പോളിഷിങ്ങ് ടാങ്ക്
6 ഫിലമെൻറ് സ്ട്രെറ്റനിംഗ് മെഷിനിന്റെ കൺട്രോൾ പാനൽ
7 പോളിഷിങ്ങ് മെഷീൻ
8 കോയിലിംഗ് മെഷീൻ
9 കോയിലിംഗ് റിവയൻറിങ്ങ് മെഷീൻ രണ്ടു ഭാഗങ്ങളായിട്ടുള്ളത് (C Hank Windes)
10 മിനി ഇൻഡസ്ട്രിയൽ എസ്റേററിൽ ഒഴിപ്പിച്ച കക്ഷിയുടെ ചിലവിൽ നിർമ്മിച്ചിരിക്കുന്ന 64' നീളം 23' വീതിയുള്ളതുമായ ഷെഡ്ഡും പൊളിച്ചിറക്കുകയും അതിൽകിട്ടുന്ന സാധനസാമഗ്രികളും.

ലേലം ഉറപ്പിച്ച് മേലധികാരികളിൽ നിന്നും ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ലേലവസ്തുക്കൾ ലേലക്കാരന് കൊടുക്കുന്നതാണ്. ലേലം നടത്താനോ നടത്താതിരിക്കാനോ ഉള്ള അധികാരം തഹശീൽദാർക്കുണ്ടായിരിക്കുന്നതാണ്. ലേലത്തിന് വച്ചിരിക്കുന്ന സാധനങ്ങൾ മന്നാങ്കണ്ടം വില്ലേജാഫീസറുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതാണ്.

താലൂക്കാഫീസ്,
ദേവികുളം.

(ഒപ്പ്)
തഹശീൽദാർ.

Peermade Taluk

പീരുമേട് താലൂക്കാഫീസിൽനിന്നും പരസ്യപ്പെടുത്തുന്നത്.

നമ്പർ. ബി1. 1723/83. 1983 ജൂലായ് 8.

പീരുമേടു താലൂക്കിൽ, ഏലപ്പാറ വില്ലേജിൽ, പള്ളിക്കുന്നു കരയിൽ പുളിക്കൽ വീട്ടിൽ പി. എൻ. വാസുവിന്റെ ഭാര്യ ശ്രീമതി പൊന്നമ്മ സമർപ്പിച്ച അവകാശ സർട്ടിഫിക്കററിനുവേണ്ടിയുള്ള അപേക്ഷയിൻമേൽ ഏലപ്പാറ വില്ലേജ് ആഫീസർ മുഖേന അന്വേഷണം നടത്തിയതിൽ ടി പൊന്നമ്മയുടെ ഭർത്താവ് പി. എൻ. വാസു പൊൻകുന്നം ഇലക്ട്രിക് സെക്ഷനിൽ ഇലക്ട്രിസിററി വർക്കറായി ജോലിനോക്കിവരവെ 8-2-1983-ൽ മരിച്ചുപോയിട്ടുള്ളതായി അറിയുന്നു.

ഇലക്ട്രിസിററി ബോർഡിൽനിന്നും, ടി വാസുവിന്റെ അനന്തരാവകാശികൾക്ക് നിയമാനുസൃതം ലഭിക്കുവാനുള്ള അവകാശങ്ങൾ കൈപ്പററുന്നതിന് വേണ്ടിയാണ് അവകാശ സർട്ടിഫിക്കററിന് അപേക്ഷിച്ചിരുന്നത്. ആയതിനാൽ മരിച്ച വാസുവിന്റെ അനന്തിരാവകാശികളായി ടിയാന്റെ ഭാര്യ പൊന്നമ്മ (42) വയസ്, പുത്രൻമാർ സാംകുമാർ (22 വയസ്) അംബിളി കുമാർ (20 വയസ്) മകൾ ഷീല (20 വയസ്) എന്നിവരാണെന്നു കാണിച്ച് അവകാശ സർട്ടിഫിക്കററ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യം ഗസററിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ടു ഹാജരായി രേഖാമൂലം ബോധിപ്പിച്ചുകൊള്ളേണ്ടതാണ്. തപാൽ മാർഗ്ഗവും സമയ പരിധി കഴിഞ്ഞും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

പീരുമേട്.

കെ. നടേശൻ,
തഹശീൽദാർ.

ERNAKULAM DISTRICT

Kanayannur Taluk

പരസ്യം

സി6-9302/83. 1983 ജൂൺ 6.

കണയന്നൂർ താലൂക്ക് തെക്കുംഭാഗം വില്ലേജ് ടി ദേശത്ത് കോമ്പക്കാട് ശ്രീ. കെ. പി. ശ്രീനിവാസൻ മരിച്ചുപോയെന്നും ടിയാന്റെ പേരിൽ തൃപ്പൂണിത്തുറ കാത്തലിക് സിറിയൻ ബാങ്കിൽ നിന്നും പണയം വെച്ചിട്ടുള്ള 500 രൂപയുടെ സ്വർണ്ണം എടുക്കുന്നതിന് അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് ടിയാന്റെ ഭാര്യ ശ്രീമതി പാർവ്വതി സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ശ്രീ. കെ. പി. ശ്രീനിവാസൻ 14-2-1983-ൽ മരിച്ചുപോയെന്നും ടിയാന്റെ അവകാശികളായി താഴെ പറയുന്നവരാണുള്ളതെന്നും അറിയുന്നു.

ക്രമ നമ്പർ	പേര്	മരിച്ച ആളുമായുള്ള ബന്ധം	വയസ്സ്
1	പാർവ്വതി	ഭാര്യ	43
2	സരോജം	മകൾ	23
3	ഗീത	,,	21
4	നിർമ്മല	,,	19
5	ഉഷാദേവി	,,	17
6	മുരളീധരൻ	മകൻ	15
7	അനിത് കുമാർ	,,	13

മേൽ വിവരിച്ചവരാണ് പരേതന്റെ അവകാശികൾ എന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഈ പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കണയന്നൂർ തഹശീൽദാർ മുൻപാകെ ആക്ഷേപം ഹാജരാക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞോ തപാൽ മാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

കണയന്നൂർ. (ഒപ്പ്)
തഹശീൽദാർ.

TRICHUR DISTRICT

Trichur Taluk

തൃശ്ശൂർ താലൂക്കാഫീസിൽനിന്നും പരസ്യപ്പെടുത്തുന്നത്.

(1)

എ4-11791/83. 1983 ജൂൺ 8.

തൃശ്ശൂർ താലൂക്ക് നെട്ടിശ്ശേരി വില്ലേജിൽ മാളിയമ്മാവു തോമസ് എന്നാൾ 16-5-1983-ൽ മരിച്ചിട്ടുള്ളതാകുന്നു. ടിയാന്റെ പേരിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഒല്ലൂക്കര ശാഖയിലുള്ള ഡെപ്പോസിററു തുക 1066.50 രൂ. വാങ്ങുന്നതിന് ഒരു അവകാശ സർട്ടിഫിക്കററ് ആവശ്യമാണെന്ന് കാണിച്ച് ടിയാന്റെ അവകാശികൾ ഈ ആഫീസിൽ ഒരു അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാകുന്നു. അപേക്ഷപ്രകാരം അന്വേഷണം നടത്തിയതിൽ താഴെ എഴുതുന്നവരാണ് അവകാശികൾ എന്നറിവായിരിക്കുന്നു. അപ്രകാരം ഒരു അവകാശ സർട്ടിഫിക്കററ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ആയത് ഈ പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം ഈ ആഫീസിൽ രേഖാമൂലമായ തെളിവുകൾ സഹിതം ഹാജരാക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽ മാർഗ്ഗമായും കിട്ടുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല.

ക്രമ നമ്പർ	പേര്	മരിച്ച ആളുമായുള്ള ബന്ധം	വയസ്സ്
1	കൊച്ചുത്രേസ്യ	ഭാര്യ	43
2	മിനി തോമസ്	മകൾ	16

(2)

എ4-12290/83. 1983 ജൂൺ 8.

തൃശ്ശൂർ താലൂക്ക് ആറാട്ടുപുഴ വില്ലേജിൽ കിഴുവീട്ടിൽ താമസം പോതിയിൽ പി. നാരായണൻ നായർ എന്നയാൾ 19-4-1983-ൽ മരിച്ചിട്ടുള്ളതാകുന്നു. ടിയാന്റെ പെൻഷൻ കിട്ടുന്നതിന് ഒരു അവകാശ സർട്ടിഫിക്കററ് ആവശ്യമാണെന്നു കാണിച്ച് ടിയാന്റെ അവകാശികൾ ഈ ആഫീസിൽ ഒരു അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാകുന്നു. അപേക്ഷപ്രകാരം അന്വേഷണം നടത്തിയതിൽ താഴെ എഴുതുന്നവരാണ് അവകാശികൾ എന്നറിവായിരിക്കുന്നു. അപ്രകാരം ഒരു അവകാശ സർട്ടിഫിക്കററ് കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപം ഉള്ള പക്ഷം ആയത് ഈ പരസ്യം ഗസററിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം ഈ ആഫീസിൽ രേഖാമൂലമായ തെളിവുകൾ സഹിതം ഹാജരാക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽ മാർഗ്ഗമായും കിട്ടുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല.

ക്രമ നമ്പർ	പേര്	മരിച്ച ആളുമായുള്ള ബന്ധം	വയസ്സ്
1	കാർത്ത്യായനി അമ്മ	മകൾ	49
2	വിലാസിനി അമ്മ	,,	40

(3)

എ4-12808/83. 1983 ജൂൺ 20.

തൃശ്ശൂർ താലൂക്ക് മണലൂർ വില്ലേജിൽ മരോട്ടിക്കൽ ശ്രീധരൻ എന്നയാൾ 17-9-1982-ൽ മരിച്ചിട്ടുള്ളതാകുന്നു. ടിയാന് കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽനിന്നും കിട്ടാനുള്ള ആനുകൂല്യം കിട്ടുന്നതിന് ഒരു അവകാശസർട്ടിഫിക്കററ് ആവശ്യമാണെന്ന് കാണിച്ച് ടിയാന്റെ അവകാശികൾ ഈ ആഫീസിൽ ഒരു അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാകുന്നു. അപേക്ഷപ്രകാരം അന്വേഷണം നടത്തിയതിൽ താഴെ എഴുതുന്നവരാണ് അവകാശികൾ എന്നറിവായിരിക്കുന്നു. അപ്രകാരം ഒരു അവകാശസർട്ടിഫിക്കററ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ആയത് ഈ പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം ഈ ആഫീസിൽ രേഖാമൂലമായ തെളിവുകൾ സഹിതം ഹാജരാക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽ മാർഗ്ഗമായും കിട്ടുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല.

ക്രമ നമ്പർ	പേര്	മരിച്ച ആളുമായുള്ള ബന്ധം	വയസ്സ്
1	കനക	ഭാര്യ	26
2	ലത	മകൾ	4
3	വിദ്യ	മകൾ	2
4	സിജീഷ്	മകൻ	3 മാസം
5	കുഞ്ഞാമര്	അച്ഛൻ	74
6	നാരായണി	അമ്മ	55

(4)

എ4-14274/83. 1983 ജൂലൈ 11.

തൃശ്ശൂർ താലൂക്ക് പാണഞ്ചേരി വില്ലേജിൽ സിലോൺ പെൻഷനറായിരുന്ന വാദ്ധ്യേടത്ത് കുഞ്ഞികൃഷ്ണൻ എന്നാൾ 4-6-1983-ൽ മരിച്ചിട്ടുള്ളതാകുന്നു. ടിയാന്റെ ഫാമിലി പെൻഷൻ കിട്ടുന്നതിന് ഒരു അവകാശസർട്ടിഫിക്കററ് ആവശ്യമാണെന്ന് കാണിച്ച് ടിയാന്റെ അവകാശികൾ ഈ ആഫീസിൽ ഒരു അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാകുന്നു. അപേക്ഷപ്രകാരം അന്വേഷണം നടത്തിയതിൽ താഴെ എഴുതുന്നവരാണ് അവകാശികൾ എന്ന് അറിവായിരിക്കുന്നു. അപ്രകാരം ഒരു അവകാശ സർട്ടിഫിക്കററ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ആയത് ഈ പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം ഈ ആഫീസിൽ രേഖാമൂലമായ തെളിവുകൾ സഹിതം ഹാജരാക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗമായും കിട്ടുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല.

പേര്	മരിച്ച ആളുമായുള്ള ബന്ധം	വയസ്സ്
അമ്മു	ഭാര്യ	65

(ഒപ്പ്)

തൃശ്ശൂർ, തഹസിൽദാർ.

PALGHAT DISTRICT

Palghat Taluk

പരസ്യം

(1)

സൂചിക B5-7946/83. 1983 ജൂൺ 30.

പാലക്കാട് താലൂക്ക് പറളി II വില്ലേജ് എടത്തറ അംശം മാനംതൊടി വീട്ടിൽ താമസിച്ചിരുന്ന M. R. ബാലകൃഷ്ണൻ എന്ന ആൾ 13-5-1983-ാം തീയതി മരിച്ചുപോയെന്നും താഴെ പറയുന്നവരാണ് പരേതന്റെ അനന്തരാവകാശികളെന്നും കാണിച്ച് പരേതന്റെ ഭാര്യ ശ്രീമതി R. M. ചെന്താമരാക്ഷി ബോധിപ്പിച്ച ഹർജിയിൻമേൽ അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതന്റെ അനന്തരാവകാശികൾ എന്ന് അറിയുന്നു.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്സ്
1	ശ്രീമതി R. M. ചെന്താമരാക്ഷി	ഭാര്യ	43
2	,, B. ഷീബ	മകൾ (വിവാഹിത)	21
3	B. ഗീത	മകൾ	19
4	B. വാണിശ്രീ	,,	16
5	B. ശ്രീഹരി	,,	14

മേൽകാണിച്ച പ്രകാരം ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആർക്കെങ്കിലും നിയമാനുസൃതമായ ആക്ഷേപമുള്ളപക്ഷം ആയത് അവർ ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം രേഖാമൂലമായ തെളിവുകൾ സഹിതം താലൂക്കാഫീസിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. താമസിച്ചോ തപാൽ മാർഗ്ഗമോ വരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(2)

സൂചിക B5-9084/83 1983 ജൂൺ 30.

പാലക്കാട് താലൂക്ക് കേരളശ്ശേരി വില്ലേജ് തടുക്കശ്ശേരി പന്തത്തൊടി വീട്ടിൽ താമസിച്ചിരുന്ന A. S. ശിവശങ്കരൻ എന്ന ആൾ 18-3-1981-ാം തീയതി മരിച്ചുപോയെന്നും താഴെ പറയുന്നവരാണ് പരേതന്റെ അനന്തരാവകാശികളെന്നും കാണിച്ച് പരേതന്റെ അമ്മ ശ്രീമതി പന്തത്തൊടി കുട്ടിമാളുഅമ്മ ബോധിപ്പിച്ച ഹർജിയിൻമേൽ അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതന്റെ അനന്തരാവകാശികൾ എന്ന് അറിയുന്നു.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്സ്
1	P. കുട്ടിമാളുഅമ്മ	അമ്മ	73
2	P. കുമാരൻ	സഹോദരൻ	45
3	P. രാമകൃഷ്ണൻ	,,	39
4	P. വാസുദേവൻ	,,	37

മേൽകാണിച്ചപ്രകാരം ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആർക്കെങ്കിലും നിയമാനുസൃതമായ ആക്ഷേപമുള്ള പക്ഷം ആയത് അവർ ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം രേഖാമൂലമായ തെളിവുകൾ സഹിതം താലൂക്കാഫീസിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. താമസിച്ചോ തപാൽ മാർഗ്ഗമോ വരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(3)

സൂചിക B5-7341/83. 1983 ജൂൺ 30.

പാലക്കാട് താലൂക്ക് പറളി I വില്ലേജ് തേനൂർ ദേശത്ത് താമസിച്ചിരുന്ന താഴത്തതിൽ ലക്ഷ്മണൻ മകൻ ജനാർദ്ദനൻ എന്ന ആൾ ?-2-1983-ാം തീയതി മരിച്ചുപോയെന്നും താഴെ പറയുന്നവരാണ് പരേതന്റെ അനന്തരാവകാശികളെന്നും കാണിച്ച് പരേതന്റെ സഹോദരൻ ശ്രീ. രാജഗോപാലൻ ബോധിപ്പിച്ച ഹർജിയിൻമേൽ അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതന്റെ അനന്തരാവകാശികൾ എന്ന് അറിയുന്നു.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്സ്
1	വേശു	അമ്മ	48
2	രാജഗോപാലൻ	സഹോദരൻ	22
3	കമലം	സഹോദരി	27

മേൽകാണിച്ച പ്രകാരം ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആർക്കെങ്കിലും നിയമാനുസൃതമായ ആക്ഷേപമുള്ള പക്ഷം ആയത് അവർ ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം രേഖാമൂലമായ തെളിവുകൾ സഹിതം താലൂക്കാഫീസിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. താമസിച്ചോ, തപാൽ മാർഗ്ഗമോ വരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(4)

സൂചിക B5-7403/83. 1983 ജൂൺ 30.

പാലക്കാട് താലൂക്ക് പാലക്കാട് I വില്ലേജ് വെണ്ണക്കരയിൽ 21/230-ാം നമ്പർ വീട്ടിൽ താമസിച്ചിരുന്ന P. പത്മാവതി അമ്മ എന്ന ആൾ 17-3-1983-ാം തീയതി മരിച്ചുപോയെന്നും താഴെ പറയുന്നവരാണ് പരേതയുടെ അനന്തരാവകാശികളെന്നും കാണിച്ച് പരേതയുടെ മകൻ ശ്രീ. ശിവദാസൻ ബോധിപ്പിച്ച ഹർജിയിൻമേൽ അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതയുടെ അനന്തരാവകാശികൾ എന്ന് അറിയുന്നു.

ക്രമ നമ്പർ	പേര്	പരേതയുമായുള്ള ബന്ധം	വയസ്സ്
1	ശിവദാസൻ	മകൻ	29
2	ഭാസ്കരൻനായർ	ഭർത്താവ്	53
3	വിശാലാക്ഷി അമ്മ	അമ്മ	70

മേൽ കാണിച്ച പ്രകാരം ഒരു അവകാശസർട്ടിഫിക്കറ്റ് നൽകുന്നതിന് ആർക്കെങ്കിലും നിയമാനുസൃതമായ ആക്ഷേപമുള്ളപക്ഷം ആയത് അവർ ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം രേഖാമൂലമായ തെളിവുകൾ സഹിതം താലൂക്കാഫീസിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. താമസിച്ചോ തപാൽ മാർഗ്ഗമോ വരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(5)

സൂചിക B5-7079/83. 1983 ജൂൺ 30.

പാലക്കാട് താലൂക്ക് മരുതറോഡ് വില്ലേജ് കല്ലേപ്പുള്ളിയിൽ താമസിച്ചിരുന്ന എ. അസ്സനാർ എന്ന ആൾ 9-3-1982-ാം തീയതി മരിച്ചുപോയെന്നും താഴെ പറയുന്നവരാണ് പരേതന്റെ അനന്തരാവകാശികളെന്നും കാണിച്ച് പരേതന്റെ ഭാര്യ മുതൽ 4 പേർ ശ്രീമതി ഫാത്തിമാ ബീവി ബോധിപ്പിച്ച ഹർജിയിൻമേൽ അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതന്റെ അനന്തരാവകാശികൾ എന്നറിയുന്നു.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്സ്
1	ശ്രീമതി ഫാത്തിമാ ബീവി	ഭാര്യ	50
2	ശ്രീമതി മുംതാജ്	മകൾ	25
3	ശ്രീമതി നൂർജിഹാൻ	,,	23
4	ശ്രീമതി ലൈല	,,	21

മേൽകാണിച്ച പ്രകാരം ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആർക്കെങ്കിലും നിയമാനുസൃതമായ ആക്ഷേപം ഉള്ളപക്ഷം ആയത് അവർ ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം രേഖാമൂലമായ തെളിവുകൾ സഹിതം താലൂക്കാഫീസിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. താമസിച്ചോ തപാൽ മാർഗ്ഗമോ വരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(6)

സൂചിക B5-6349/83. 1983 ജൂൺ 30.

പാലക്കാട് താലൂക്ക് മുണ്ടൂർ I വില്ലേജ് മുണ്ടൂർ ദേശം കോവിൽ പറമ്പിൽ താമസിച്ചിരുന്ന ശെവിത്തിയാർ എന്ന സെബാസ്റ്റ്യൻ മുതലിയാർ എന്ന ആൾ 16-4-1983-ാം തീയതി മരിച്ചുപോയെന്നും താഴെ പറയുന്നവരാണ് പരേതന്റെ അനന്തരാവകാശികളെന്നും കാണിച്ച് പരേതന്റെ ഭാര്യ ശ്രീമതി ശൗരിയമ്മാൾ ബോധിപ്പിച്ച ഹർജിയിന്മേൽ അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതന്റെ അനന്തരാവകാശികൾ എന്ന് അറിയുന്നു.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്സ്
1	ശൗരിയമ്മാൾ	ഭാര്യ	50
2	കെ. ശാന്തപ്പൻ	മകൻ	34
3	എസ്. രാജേന്ദ്ര	"	30
4	എസ്. ശെൽവരാജൻ	"	26
5	കെ. മേരി	മകൾ	22
6	കെ. മേരിപുഷ്പ	"	19
7	കെ. എസ്. മൈക്കിൾ	മകൻ	14
8	കെ. ത്രേസി	മകൾ	12

മേൽകാണിച്ച പ്രകാരം ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും നിയമാനുസൃതമായ ആക്ഷേപമുള്ളപക്ഷം ആയത് അവർ ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം രേഖാമൂലമായ തെളിവുകൾ സഹിതം താലൂക്കാഫീസിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. താമസിച്ചോ തപാൽ മാർഗ്ഗമോ വരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

പാലക്കാട്. (ഒപ്പ്) തഹസിൽദാർ.

തിരുത്തൽപരസ്യം

(1)

Ref. B5-2405/83. 1983 ജൂൺ 28.

1983 ഏപ്രിൽമാസം 5-ാം തീയതിയിലെ കേരള ഗസറ്റിൽ 751-ാം നമ്പർ പേജിൽ പ്രസിദ്ധീകരിച്ച മേൽ നമ്പർ പരസ്യത്തിൽ രണ്ടാമത്തെ വരിയിൽ "ശ്രീനിലയം" എന്നതിനുപകരം "ശ്രീകൃഷ്ണനിലയം" എന്നു തിരുത്തി വായിക്കേണ്ടതാണ്.

(2)

Ref. B5-2406/83. 1983 ജൂൺ 28.

1983 ഏപ്രിൽമാസം 5-ാം തീയതിയിലെ കേരള ഗസറ്റിൽ 751-ാം നമ്പർ പേജിൽ പ്രസിദ്ധീകരിച്ച മേൽ നമ്പർ പരസ്യത്തിൽ മൂന്നാമത്തെ വരിയിൽ പാത്തുമ്മാദേവി എന്നതിനുപകരം പാത്തുമ്മാബീവി എന്ന് തിരുത്തി വായിക്കേണ്ടതാണ്.

(3)

Ref. B5-2486/83. 1983 ജൂൺ 26.

1983 ഏപ്രിൽ മാസം 26-ാം തീയതിയിലെ കേരള ഗസറ്റിൽ 900-ാം നമ്പർ പേജിൽ പ്രസിദ്ധീകരിച്ച മേൽ നമ്പർ പരസ്യത്തിൽ 2-ാമത്തെ വരിയിൽ വെള്ളക്കൽ ദേശം എന്നതിനു പകരം വെള്ളക്കര ദേശം എന്നും അവകാശികളിൽ രണ്ടാമത് പ്രസിദ്ധീകരിച്ചതിൽ വേലപ്പൻ എന്നതിനു പകരം ചെലപ്പൻ എന്നും തിരുത്തി വായിക്കേണ്ടതാണ്.

(4)

Ref. B5-2966/83. 1983 ജൂൺ 26.

1983 ഏപ്രിൽ മാസം 26-ാം തീയതിയിലെ കേരള ഗസറ്റിൽ 900-ാം നമ്പർ പേജിൽ പ്രസിദ്ധീകരിച്ച മേൽ നമ്പർ പരസ്യത്തിൽ രണ്ടാമത്തെ വരിയിൽ കുത്തനൂർ അംശം എന്നതിനു പകരം കുന്നനൂർ അംശം എന്ന് തിരുത്തി വായിക്കേണ്ടതാണ്.

പാലക്കാട്. (ഒപ്പ്) തഹസിൽദാർ.

Chittur Taluk

പരസ്യം

(1)

നമ്പർ 10868/83/ബി5. 1983 ജൂലായ് 7.

ചിറ്റൂർ താലൂക്ക് കൊഴിഞ്ഞാമ്പാറ വില്ലേജിൽ 4/51 ഗോകുലം ഹൗസിൽ താമസിച്ചിരുന്ന കെ. എം. ഗോപാലൻ 5-4-1983-ന് മരിച്ചു. ടിയാന്റെ പേരിൽ കൊഴിഞ്ഞാമ്പാറ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലും, സൗത്ത് ഇന്ത്യൻ ബാങ്കിലുമുള്ള നിക്ഷേപങ്ങൾ മാറ്റുന്നതിനായി പരേതന്റെ ഭാര്യ പി. കെ. രുഗ്മിണി സമർപ്പിച്ച അവകാശ സർട്ടിഫിക്കറ്റിന്മേൽ നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു.

		വയസ്സ്
രുഗ്മിണി	ഭാര്യ	42

മേൽപ്രകാരം അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും പരാതിയുള്ളപക്ഷം ആയത് പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ തപാലിലോ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

(2)

നമ്പർ-10941/83/ബി5. 1983 ജൂലായ് 7.

ചിറ്റൂർ താലൂക്ക് കൊല്ലങ്കോട് II വില്ലേജിൽ പയ്യല്ലൂർ വാക്കോട്ടിൽ താമസിച്ചിരുന്ന കണ്ടമുത്തൻ 5-5-1983-ന് മരിച്ചു. ടിയാന്റെ പേരിൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള ഷെയർ തിരികെ ലഭിക്കുന്നതിന് പരേതന്റെ ഭാര്യ കെ. കാശി സമർപ്പിച്ച അവകാശ സർട്ടിഫിക്കറ്റിന്മേൽ നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു.

ക്രമ നമ്പർ	അവകാശികളുടെ പേര്	പരേതനുമായുള്ള ബന്ധം	വയസ്സ്
1	കെ. കാശി	ഭാര്യ	52
2	കെ. മീനാക്ഷി	മകൾ	38
3	കെ. അമ്മു	"	35
4	കെ. കേശവൻ	മകൻ	31
5	കെ. പൊന്നൻ	"	25
6	കെ. ബാലൻ	"	24
7	കെ. ലക്ഷ്മിക്കുട്ടി	മകൾ	20
8	കെ. വാസുദേവൻ	മകൻ	18

മേൽപ്രകാരം അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും പരാതിയുള്ള പക്ഷം ആയത് പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ, തപാലിലോ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

(3)

നമ്പർ ബി5-10935/83. 1983 ജൂലായ് 7.

ചിറ്റൂർ താലൂക്ക് എലവഞ്ചേരി വില്ലേജിൽ കാപ്പാലികളം കുളപ്പുരയിൽ താമസിച്ചിരുന്ന എൻ. ശങ്കരനാരായണൻ നായർ 21-11-1982-ന് മരിച്ചു. ടിയാന്റെ പേരിൽ ലഭിക്കേണ്ടതായ പെൻഷൻ മുതലായവക്കായി

പരേതന്റെ ഭാര്യ അന്ന അമ്മ സമർപ്പിച്ച അവകാശ സർട്ടിഫിക്കറ്റിൻമേൽ നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്നവരാണ് അവകാശികളെന്നു അറിവായിരിക്കുന്നു.

ക്രമനമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്സ്
1	അന്ന അമ്മ	ഭാര്യ	68
2	ഓമന കെ. മേനോൻ	മകൾ	38

മേൽപ്രകാരം അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും പരാതിയുള്ളപക്ഷം ആയത് പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ തപാലിലോ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

(4)

നമ്പർ 8523/83/ബി5. 1983 ജൂലൈ 2.

ചിറ്റൂർ താലൂക്ക് വലിയ വള്ളമ്പതി വില്ലേജിൽ പൊള്ളാച്ചി റോഡ്, കൊഴിഞ്ഞാമ്പാറയിൽ താമസിച്ചിരുന്ന പൊന്നങ്ങിയപ്പ മന്ദാടിയാർ 9-4-1983-ന് മരിച്ചു. ടിയാളുടെ പേരിൽ ഫാമിലി ഹെൽത്ത് സെന്ററിൽ നിന്നും ലഭിക്കേണ്ടതായ വാടക സംഖ്യയ്ക്കുവേണ്ടി പരേതന്റെ ഭാര്യ രാജമ്മ സമർപ്പിച്ച അവകാശ സർട്ടിഫിക്കറ്റിൻമേൽ നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു.

			വയസ്സ്
1	രാജമ്മ	ഭാര്യ	60
2	സി. രാജഗോപാലൻ	മകൻ	36
3	സി. ആറുമുഖൻ	,,	33
4	സി. നടരാജൻ	,,	32
5	സി. പരമേശ്വരൻ	,,	22
6	രാജാമണി	മകൾ	29 (വിവാഹിത)

മേൽ പ്രകാരം അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും പരാതിയുള്ളപക്ഷം ആയത് പരസ്യം പ്രസിദ്ധീകരിച്ച 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ, തപാലിലോ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

(5)

നമ്പർ 10867/83/ബി5. 1983 ജൂലൈ 7.

ചിറ്റൂർ താലൂക്ക് എലവഞ്ചേരി വില്ലേജിൽ പനങ്ങാട്ടിരി കണക്കൻകാട്ടിൽ താമസിച്ചിരുന്ന പെരുമാൾ 5-6-1983-ന് മരിച്ചു. ടിയാന്റെ പേരിൽ പനങ്ങാട്ടിരി നെടുങ്ങാടി ബാങ്കിൽ പണയം വെച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുക്കുന്നതിന് പരേതന്റെ അച്ഛൻ ചിന്നപ്പ മുതലി സമർപ്പിച്ച അവകാശസർട്ടിഫിക്കറ്റിൻ മേൽ നടത്തിയ അന്വേഷണത്തിൽ താഴെപറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു.

			വയസ്സ്
1	ചിന്നപ്പമുതലി	അച്ഛൻ	46
2	കാമാക്ഷി	അമ്മ	40
3	രാധമ്മ	സഹോദരി	18
4	സുബ്രഹ്മണ്യൻ	സഹോദരൻ	15
5	പാർവ്വതി	സഹോദരി	10
6	ശിവൻ	സഹോദരൻ	5

ക്രമനമ്പർ 4 മുതൽ 6 കൂടിയ മൈനർമാരുടെ രക്ഷിതാവ് 1-ാം നമ്പരുകാരൻ.

മേൽ പ്രകാരം അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും പരാതിയുള്ളപക്ഷം ആയത് പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ടു ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ തപാലിലോ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

(6)

നമ്പർ 10866/83/ബി5. 1983 ജൂലൈ 7.

ചിറ്റൂർ താലൂക്ക് ചിറ്റൂർ വില്ലേജിൽ 6/108, വടക്കത്തറ, വാണിയർ തെരുവിൽ താമസിച്ചിരുന്ന ആറുമുഖൻ ചെട്ടിയാർ 26-8-1982-ന് മരിച്ചു. ടിയാന്റെ പേരിൽ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള സംഖ്യകൾ തിരിച്ചു ലഭിക്കുന്നതിനായി പരേതന്റെ മകൻ എ. നടേശൻ സമർപ്പിച്ച അവകാശസർട്ടിഫിക്കറ്റിൻമേൽ നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു.

			വയസ്സ്
1	മുത്തമ്മാൾ	അമ്മ	65
2	കമലം	മകൾ	42
3	ജാനകി	,,	40
4	സുബ്രഹ്മണ്യൻ	മകൻ	38
5	നടേശൻ	,,	36
6	ഭാഗ്യം	മകൾ	35

മേൽപ്രകാരം അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും പരാതിയുള്ളപക്ഷം ആയത് പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ഈ ഓഫീസിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ തപാലിലോ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

(7)

നമ്പർ 9313/83/ബി5. 1983 ജൂലൈ 4.

ചിറ്റൂർ താലൂക്ക് ചിറ്റൂർ വില്ലേജിൽ 1/37 കോർട്ട് റോഡിൽ താമസിച്ചിരുന്ന സി. ചി. നാരായണി എന്ന ചെല്ലമണി അമ്മാൾ 1-6-1983-ന് മരിച്ചു. ടിയാന്റെ പേരിൽ ചിറ്റൂർ സൌത്ത് ഇന്ത്യൻബാങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലുള്ള സംഖ്യ തിരികെ എടുക്കുന്നതിന് പരേതയുടെ മകൻ വി. കൃഷ്ണൻ സമർപ്പിച്ച അവകാശ സർട്ടിഫിക്കറ്റിൻമേൽ നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്നവരാണ് അവകാശികൾ എന്ന് അറിവായിരിക്കുന്നു.

		വയസ്സ്
വി. കൃഷ്ണൻ	മകൻ	53

മേൽപ്രകാരം അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും പരാതിയുള്ളപക്ഷം ആയത് പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ തപാലിലോ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

(8)

നമ്പർ 9584/83/ബി5. 1983 ജൂലൈ 4.

ചിറ്റൂർ താലൂക്ക് വടവന്നൂർ വില്ലേജിൽ സത്രം താമസിച്ചിരുന്ന വേലൻ ഭാര്യ പെട്ട 9-5-1983-ന് മരിച്ചു. ടിയാന്റെ പേരിൽ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ നിന്നും അനുവദിച്ചിട്ടുള്ള തുക ലഭിക്കുന്നതിന് പരേതയുടെ മകൻ ചാമി സമർപ്പിച്ച അവകാശ സർട്ടിഫിക്കറ്റിൻമേൽ നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു.

		വയസ്സ്
ചാമി	മകൻ	36

മേൽപ്രകാരം അവകാശസർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും പരാതിയുള്ളപക്ഷം ആയത് പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ തപാലിലോ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

(9)

നമ്പർ 10943/83/ബി5. 1983 ജൂലായ് 7.

ചിറ്റൂർ താലൂക്ക് ചിറ്റൂർ വില്ലേജിൽ നെല്ലിയങ്കാട്ടിൽ 3/57-ാം നമ്പർ വീട്ടിൽ താമസിച്ചിരുന്ന സുന്ദരരാജ് 22-2-1983-ന് മരിച്ചു ടിയാന്റെ പേരിൽ ഈ സംഘൻ കുറീസ് ആൻഡ് ഫൈനാൻസ് (പ്രൈ)വറ്റ് ലിമിറ്റഡ്

എന്ന സ്ഥാപനത്തിലുള്ള സംഖ്യ ലഭിക്കുന്നതിന് പരേതന്റെ അച്ഛൻ ദൊരസ്വാമി ചെട്ടിയാർ സമർപ്പിച്ച അവകാശ സർട്ടിഫിക്കറ്റിൻമേൽ നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു.

			വയസ്സ്
1	ശൈല	ഭാര്യ	30
2	സി. കെ. ദൊരസ്വാമി ചെട്ടിയാർ	അച്ഛൻ	66
3	ഡി. കമലാംബാൾ	അമ്മ	62

മേൽപ്രകാരം അവകാശസർട്ടിഫിക്കറ്റു നൽകുന്നതിൽ ആർക്കെങ്കിലും പരാതിയുള്ളപക്ഷം ആയത് പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ തപാലിലോ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

(10)

നമ്പർ 10944/83/ബി5. 1983 ജൂലായ് 7.

ചിറ്റൂർ താലൂക്ക് ചിറ്റൂർ വില്ലേജിൽ തെക്കെ ഗ്രാമത്തിൽ 9/303-ാം നമ്പർ വീട്ടിൽ താമസിച്ചിരുന്ന ശങ്കരക്കുരുക്കൾ 19-4-1983-ന് മരിച്ചു. ടിയാന്റെ പേരിൽ നെടുങ്ങാടി ബാങ്കിലുള്ള തുക ലഭിക്കുന്നതിന്നായി പരേതന്റെ ഭാര്യ തങ്കമ്മ സമർപ്പിച്ച അവകാശ സർട്ടിഫിക്കറ്റിൻമേൽ നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു.

			വയസ്സ്
1	തങ്കമ്മ	ഭാര്യ	56
2	സ്വർണ്ണം	മകൾ	35
3	പാറുക്കുട്ടി	,,	30

മേൽപ്രകാരം അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും പരാതിയുള്ളപക്ഷം ആയത് പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ തപാലിലോ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

(11)

നമ്പർ 10750/83/ബി5. 1983 ജൂലായ് 7.

ചിറ്റൂർ താലൂക്ക് വലിയവള്ളമ്പതി വില്ലേജിൽ ജെ. പി. നഗർ കൊഴിഞ്ഞാമ്പാറയിൽ താമസിച്ചിരുന്ന ധനഭാഗ്യം (ഫുൾ ടൈം സ്കാവഞ്ചർ) 28-5-1983-ന് മരിച്ചു. ടിയാന്റെ പേരിൽ ലഭിക്കുവാനുള്ള ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് മുതലായവയ്ക്കും കൂടാതെ ആശ്രിതർക്ക് ലഭിക്കുന്നതിനും മറ്റുമായി പരേതയുടെ ഭർത്താവ് പി. ചിന്നപ്പൻ സമർപ്പിച്ച അവകാശ സർട്ടിഫിക്കറ്റിൻമേൽ നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു.

			വയസ്സ്
1	ചിന്നപ്പൻ	ഭർത്താവ്	27
2	ബാബു	മകൻ	2
3	പ്രഭു	,,	5 മാസം

മേൽപ്രകാരം അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും പരാതിയുള്ളപക്ഷം ആയത് പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ തപാലിലോ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

(ഒപ്പ്)
ചിറ്റൂർ. തഹശീൽദാർ.

Mannarghat Taluk

പരസ്യം

നം. സി4-3743/83. 1983 ജൂലൈ 14.

മണ്ണാർക്കാട് താലൂക്കിൽ മഠത്തിൽ വീട്ടിൽ രാമൻകുട്ടി നായർ 14-6-1983-ന് മരണപ്പെട്ടുവെന്നും, ടിയാളുടെ പെൻഷനും, ഗ്രാറ്റുവിറ്റിയും മറ്റും ആവശ്യപ്പെടുന്നതിനായി ഒരു അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നും കാണിച്ചുകൊണ്ട് ശ്രീമതി പത്മാവതി ബോധിപ്പിച്ച അപേക്ഷയെക്കുറിച്ച് അന്വേഷിച്ചതിൽ താഴെ പറയുന്നവരാണ് മരിച്ച രാമൻകുട്ടിനായരുടെ അവകാശികളെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

			വയസ്സ്
1	ശ്രീമതി പത്മാവതി	ഭാര്യ	46
2	ശ്രീമതി പി. ആർ. കോമളവല്ലി	മകൾ	28
3	ശ്രീമതി പി. ആർ. നളിനി	,,	27
4	പി. ആർ. പങ്കജവല്ലി	,,	25
5	പി. ആർ. ഹേമലത	,,	23
6	പി. ആർ. സുരേഷ്	മകൻ	19

മേൽകാണിച്ചവർ മാത്രമാണ് മരിച്ച രാമൻകുട്ടി നായരുടെ അവകാശികളെന്നു കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ശേഷം 30 ദിവസത്തിനകം താലൂക്കാഫീസിൽ നേരിട്ടു ഹാജരായി രേഖകൾ സഹിതം തെളിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷമോ തപാൽ മാർഗ്ഗമോ കിട്ടുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല.

ടി. ഉണ്ണികൃഷ്ണൻ,
മണ്ണാർക്കാട്. തഹശീൽദാർ.

Ottappalam Taluk

പരസ്യം

(1)

നമ്പർ ഡി3-4218/83. 1983 ജൂലൈ 2.

ഒറ്റപ്പാലം താലൂക്ക് വാണിയംകുളം II വില്ലേജ് മനിശ്ശേരി ദേശത്ത് തൃക്കങ്ങോട് പി. വി. നാരായണ അയ്യർ മരണപ്പെട്ടുവെന്നും അവർക്കവകാശപ്പെട്ട ആനുകൂല്യങ്ങൾ മുതലായവ കിട്ടേണ്ടതിനായി ടിയാന്റെ ഭാര്യ കെ. എസ്. ലക്ഷ്മി സമർപ്പിച്ച അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ മാത്രമാണ് പരേതന്റെ നിയമാനുസൃതമായ അവകാശികൾ എന്ന് കാണിച്ചുകൊണ്ട് ഒരു സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം ഈ ഓഫീസിൽ ഹാജരായി രേഖാമൂലം തെളിയിക്കേണ്ടതാണ്. തപാൽമാർഗ്ഗമോ നിശ്ചിത കാലാവധിക്കു ശേഷമോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സ്വീകാര്യമല്ലെന്നും ഇതിനാൽ പരസ്യം ചെയ്യുന്നു.

ക്രമ നമ്പർ	പേരുവിവരം	പരേതനുമായുള്ള ബന്ധം	വയസ്സ്
1	കെ. എസ്. ലക്ഷ്മി	ഭാര്യ	40
2	പി. വി. ശങ്കരനാരായണൻ	മകൻ	13

ക്രമനമ്പർ 2 മൈനറാകയാൽ രക്ഷിതാവ് 1-ാം നമ്പർകാരി കെ. എസ്. ലക്ഷ്മി ആകുന്നു.

(2)

നമ്പർ ഡി3-5607/83. 1983 ജൂലൈ 2.

ഒറ്റപ്പാലം താലൂക്ക് അമ്പലപ്പാറ I വില്ലേജ് അറവക്കാട് ദേശത്ത് തിരുണ്ടിക്കൽ ചാമി മരണപ്പെട്ടുവെന്നും അവർക്കവകാശപ്പെട്ട ആനുകൂല്യങ്ങൾ മുതലായവ കിട്ടേണ്ടതിനായി ടിയാന്റെ ഭാര്യ ലക്ഷ്മി സമർപ്പിച്ച അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ മാത്രമാണ് പരേതന്റെ നിയമാനുസൃതമായ അവകാശികൾ എന്ന് കാണിച്ചുകൊണ്ട് ഒരു സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം ഈ ആഫീസിൽ ഹാജരായി

രേഖാമൂലം തെളിയിക്കേണ്ടതാണ്. തപാൽ മാർഗ്ഗമോ നിശ്ചിത കാലാവധിക്കുശേഷമോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സ്വീകാര്യമല്ലെന്നും ഇതിനാൽ പരസ്യം ചെയ്യുന്നു.

ക്രമ നമ്പർ	പേരുവിവരം	പരേതനുമായുള്ള ബന്ധം	വയസ്സ്
1	ലക്ഷ്മി	ഭാര്യ	26
2	നീലി	മാതാവ്	66
3	ഉണ്ണികൃഷ്ണൻ	മകൻ	5
4	രാധാകൃഷ്ണൻ	,,	2

ക്രമനമ്പർ 3 & 4 മൈനറാകയാൽ രക്ഷിതാവ് 1-ാം നമ്പർകാരി ലക്ഷ്മി ആകുന്നു.

(3)

നമ്പർ ഡി3-4691/83. 1983 ജൂലായ് 13.

ഒറ്റപ്പാലം താലൂക്ക് കരിമ്പുഴ I വില്ലേജ് ആറ്റാശ്ശേരി ദേശത്ത് പറമ്പിൽ പീടികക്കൽ അവറാൻ കുട്ടി മരണപ്പെട്ടുവെന്നും അവർക്കവകാശപ്പെട്ട ആനുകൂല്യങ്ങൾ മുതലായവ കിട്ടേണ്ടതിനായി ടിയാന്റെ ഭാര്യ കദീജ ഉമ്മ സമർപ്പിച്ച അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ മാത്രമാണ് പരേതന്റെ നിയമാനുസൃതമായ അവകാശികൾ എന്നു കാണിച്ചുകൊണ്ട് ഒരു സർട്ടിഫിക്കറ്റ് നല്കുന്നതു സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം ഈ ആഫീസിൽ ഹാജരായി രേഖാമൂലം തെളിയിക്കേണ്ടതാണ്. തപാൽ മാർഗ്ഗമോ നിശ്ചിത കാലാവധിക്കു ശേഷമോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സ്വീകാര്യമല്ലെന്നും ഇതിനാൽ പരസ്യം ചെയ്യുന്നു.

ക്രമ നമ്പർ	പേരു വിവരം	പരേതനുമായുള്ള ബന്ധം	വയസ്സ്
1	പി. പി. കദീജ ഉമ്മ	ഭാര്യ	57
2	പി. പി. ബാപ്പുട്ടി	മകൻ	29
3	പി. പി. മൊയ്തുട്ടി	,,	25
4	പി. പി. നബീസ്സ	മകൾ	21
5	പി. പി. ആസ്യ	,,	19

(4)

നമ്പർ. ഡി3-5550/83. 1983 ജൂലായ് 14.

ഒറ്റപ്പാലം താലൂക്ക് അമ്പലപ്പാറ II വില്ലേജ് മേലൂർ ദേശത്ത് മുത്തുതൊടി കരിപ്പംകുന്നത്ത് ശേഖരൻ നായർ മരണപ്പെട്ടുവെന്നും അവർക്കവകാശപ്പെട്ട ആനുകൂല്യങ്ങൾ മുതലായവ കിട്ടേണ്ടതിനായി ടിയാന്റെ ഭാര്യ പാർവ്വതി അമ്മ സമർപ്പിച്ച അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ മാത്രമാണ് പരേതന്റെ നിയമാനുസൃതമായ അവകാശികൾ എന്നു കാണിച്ചുകൊണ്ട് ഒരു സർട്ടിഫിക്കറ്റു നൽകുന്നതു സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം ഈ ആഫീസിൽ ഹാജരായി രേഖാമൂലം തെളിയിക്കേണ്ടതാണ്. തപാൽ മാർഗ്ഗമോ, നിശ്ചിത കാലാവധിക്കുശേഷമോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സ്വീകാര്യമല്ലെന്നും ഇതിനാൽ പരസ്യം ചെയ്യുന്നു.

പേരുവിവരം	പരേതനുമായുള്ള ബന്ധം	വയസ്സ്
പാർവ്വതി അമ്മ	ഭാര്യ	55

(5)

നമ്പർ ഡി3-8129/83. 1983 ജൂലായ് 14.

ഒറ്റപ്പാലം താലൂക്ക് വെള്ളിനേഴി വില്ലേജ് വെള്ളിനേഴി ദേശത്ത് ഓട്ടൂർ ഗോവിന്ദൻ നായരും പുത്തൻ വീട്ടിൽ അമ്മുക്കുട്ടി അമ്മയും മരണപ്പെട്ടുവെന്നും അവർക്കവകാശപ്പെട്ട ആനുകൂല്യങ്ങൾ മുതലായവ കിട്ടേണ്ടതിനായി ടിയാന്റെ മകൻ ശ്രീധരൻ തുടങ്ങിയവർ സമർപ്പിച്ച അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ മാത്രമാണ് പരേതന്റെ നിയമാനുസൃതമായ അവകാശികൾ എന്ന് കാണിച്ചുകൊണ്ട് ഒരു സർട്ടിഫിക്കറ്റ് നൽകുന്നതുസംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം ഈ ആഫീസിൽ ഹാജരായി രേഖാമൂലം തെളിയിക്കേണ്ടതാണ്. തപാൽ മാർഗ്ഗമോ നിശ്ചിത കാലാവധിക്കുശേഷമോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സ്വീകാര്യമല്ലെന്നും ഇതിനാൽ പരസ്യം ചെയ്യുന്നു.

ക്രമ നമ്പർ	പേരുവിവരം	പരേതനുമായുള്ള ബന്ധം	വയസ്സ്
1	ജി. ഗോവിന്ദൻ	മകൻ	49
2	ജി. അനിരുദ്ധൻ	,,	44
3	ജി. വിശ്വനാഥൻ	,,	37
4	ജി. ശ്രീധരൻ	,,	35
5	ജി. രാധ	മകൾ	31
6	ജി. സ്വർണ്ണകുമാരി	,,	30

(6)

നമ്പർ ഡി3-5984/83. 1983 ജൂലായ് 14.

ഒറ്റപ്പാലം താലൂക്ക് നെല്ലായ വില്ലേജ് നെല്ലായ ദേശത്ത് തെക്കേപ്പാട്ടു താമസം പി. പത്മനാഭൻ നെടുങ്ങാടി മരണപ്പെട്ടുവെന്നും അവർക്കവകാശപ്പെട്ട ആനുകൂല്യങ്ങൾ മുതലായവ കിട്ടേണ്ടതിനായി ടിയാന്റെ ഭാര്യ രാധ കോലപ്പാട് സമർപ്പിച്ച അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതന്റെ നിയമാനുസൃതമായ അവകാശികൾ എന്ന് കാണിച്ച് കൊണ്ട് ഒരു സർട്ടിഫിക്കററ് നൽകുന്നത് സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം ഈ ആഫീസിൽ ഹാജരായി രേഖാമൂലം തെളിയിക്കേണ്ടതാണ്. തപാൽ മാർഗ്ഗമോ നിശ്ചിത കാലാവധിക്കുശേഷമോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സ്വീകാര്യമല്ലെന്നും ഇതിനാൽ പരസ്യം ചെയ്യുന്നു.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്സ്
1	ടി. രാധ കോലപ്പാട്	ഭാര്യ	53
2	ടി. വത്സല	മകൾ	34
3	ടി. സുശീല	,,	31
4	ടി. കൃഷ്ണകുമാർ	മകൻ	25
5	ടി. പ്രേമകുമാർ	,,	21
6	ടി. ദിലീപ്കുമാർ	,,	15

ക്രമനമ്പർ 6 മൈനറാകയാൽ രക്ഷിതാവ് 1-ാം നമ്പർകാരി ടി. രാധ കോലപ്പാട് ആകുന്നു.

(7)

നമ്പർ ഡി3-8272/83. 1983 ജൂലൈ 14.

ഒറ്റപ്പാലം താലൂക്ക് കടമ്പഴിപ്പുറം I വില്ലേജ് പുല്ലുണ്ടശ്ശേരി ദേശത്ത് മേലുവീട്ടുപറമ്പിൽ മണി എന്ന കുട്ടൻ മരണപ്പെട്ടുവെന്നും അവർക്കവകാശപ്പെട്ട ആനുകൂല്യങ്ങൾ മുതലായവ കിട്ടേണ്ടതിനായി ടിയാന്റെ പിതാവ് പാലൻ സമർപ്പിച്ച അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ മാത്രമാണ് പരേതന്റെ നിയമാനുസൃതമായ അവകാശികൾ എന്ന് കാണിച്ചുകൊണ്ട് ഒരു സർട്ടിഫിക്കററ് നൽകുന്നതു സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപം ഉള്ള പക്ഷം ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം ഈ ആഫീസിൽ ഹാജരായി രേഖാമൂലം തെളിയിക്കേണ്ടതാണ്. തപാൽ മാർഗ്ഗമോ നിശ്ചിത കാലാവധിക്കുശേഷമോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സ്വീകാര്യമല്ലെന്നും ഇതിനാൽ പരസ്യം ചെയ്യുന്നു.

ക്രമ നമ്പർ	പേരുവിവരം	പരേതയു മായുള്ള ബന്ധം	വയസ്
1	പാലൻ	പിതാവ്	65
2	മുണ്ടിച്ചി	അമ്മ	50
3	അമ്മിണി	ഭാര്യ	22
4	സുനിത	മകൾ	1

ക്രമനമ്പർ 4 മൈനറാകയാൽ രക്ഷിതാവ് 3-ാം നമ്പുകാരി അമ്മിണി ആകുന്നു.

(8)

ഡി3-8273/83. 1983 ജൂലൈ 14.

ഒററപ്പാലം താലൂക്ക് ഒററപ്പാലം III വില്ലേജ് അരിയൂർ തെക്കുമുറി ദേശത്ത് പണിക്കവീട്ടിൽ അമ്പ്ദുൾ ഖാദർ മരണപ്പെട്ടുവെന്നും അവർക്കവകാശപ്പെട്ട ആനുകൂല്യങ്ങൾ മുതലായവ കിട്ടേണ്ടതിനായി ടിയാന്റെ സഹോദരി നഫീസ ഉമ്മ തുടങ്ങിയവർ സമർപ്പിച്ച അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ മാത്രമാണ് പരേതന്റെ നിയമാനുസൃതമായ അവകാശികൾ എന്ന് കാണിച്ചുകൊണ്ട് ഒരു സർട്ടിഫിക്കററ് നൽകുന്നതു സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഈ പരസ്യം ഗസററിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം ഈ ഓഫീസിൽ ഹാജരായി രേഖാമൂലം തെളിയിക്കേണ്ടതാണ്. തപാൽ മാർഗ്ഗമോ നിശ്ചിത കാലാവധിക്കുശേഷമോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സ്വീകാര്യമല്ലെന്നും ഇതിനാൽ പരസ്യം ചെയ്യുന്നു.

ക്രമ നമ്പർ	പേരുവിവരം	പരേതനു മായുള്ള ബന്ധം	വയസ്
1	നഫീസ ഉമ്മ	സഹോദരി	76
2	ആയിസ്സ ഉമ്മ	,,	70
3	ആമിനകുട്ടിഉമ്മ	,,	58

(9)

നമ്പർ ഡി3-4485/83. 1983 ജൂലൈ 14.

ഒററപ്പാലം താലൂക്ക് പട്ടാമ്പി വില്ലേജ് നേതിരിമംഗലം അംശം ദേശത്ത് വിക്കരവത്തു വീട്ടിൽ എം. ആർ. രാജൻ മരണപ്പെട്ടുവെന്നും അവർക്കവകാശപ്പെട്ട ആനുകൂല്യങ്ങൾ മുതലായവ കിട്ടേണ്ടതിനായി ടിയാന്റെ സഹോദരി എം. ആർ. ഭവാനി സമർപ്പിച്ച അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ താഴെപറയുന്നവർ മാത്രമാണ് പരേതന്റെ നിയമാനുസൃതമായ അവകാശികൾ എന്ന് കാണിച്ചുകൊണ്ട് ഒരു സർട്ടിഫിക്കററ് നൽകുന്നതു സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഈ പരസ്യം ഗസററിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം ഈ ഓഫീസിൽ ഹാജരായി രേഖാമൂലം തെളിയിക്കേണ്ടതാണ്. തപാൽ മാർഗ്ഗമോ, നിശ്ചിത കാലാവധിക്കു ശേഷമോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സ്വീകാര്യമല്ലെന്നും ഇതിനാൽ പരസ്യം ചെയ്യുന്നു.

പേര്	പരേതനു മായുള്ള ബന്ധം	വയസ്
എം. ആർ. ഭവാനി	സഹോദരി	28

താലൂക്കാഫീസ്, ഒററപ്പാലം. കെ. പി. ഗോവിന്ദൻകുട്ടി നായർ, തഹശീൽദാർ.

MALAPPURAM DISTRICT

Ernad Taluk

പരസ്യം

(1)

റഫ്. B2-10172/83. 1983 ജൂലൈ 5.

ഏറനാട് താലൂക്കിൽ ചോലപ്രമ്പ വില്ലേജിൽ താമസക്കാരൻ ആയിരുന്ന ശ്രീ. ടി. പരമേശ്വരൻ നമ്പീശൻ എന്നയാൾ മരണപ്പെട്ടിരിക്കുന്നു. പരേതന്റെ അനന്തരാവകാശികൾ ഒരു അവകാശ സർട്ടിഫിക്കററിന് അപേക്ഷിച്ചതിൻമേൽ ചേലേമ്പ്ര വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ മാത്രമാണ് അവകാശികൾ എന്ന് കണ്ടിരിക്കുന്നു. അതിനാൽ അപേക്ഷിച്ചത് പ്രകാരം സർട്ടിഫിക്കററ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ആയത് ഈ പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം താലൂക്കാഫീസിൽ നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷമോ തപാൽ മാർഗ്ഗമോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

ക്രമ നമ്പർ	പേര്	പരേതനു മായുള്ള ബന്ധം	വയസ്
1	ടി. സുമതി	ഭാര്യ	35
2	ടി. ശ്രീജ	മകൾ	7
3	ടി. സുജ	,,	2½

(2)

Ref. B2-10173/83. 1983 ജൂലൈ 5.

ഏറനാട് താലൂക്കിൽ ചേലേമ്പ്ര വില്ലേജിൽ താമസക്കാരൻ ആയിരുന്ന ശ്രീ. ചൻമിനി അയ്യപ്പൻ എന്നയാൾ മരണപ്പെട്ടിരിക്കുന്നു. പരേതന്റെ അനന്തിരാവകാശികൾ ഒരു അവകാശ സർട്ടിഫിക്കററിന് അപേക്ഷിച്ചതിൻമേൽ ചേലേമ്പ്ര വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ മാത്രമാണ് അവകാശികൾ എന്ന് കണ്ടിരിക്കുന്നു. അതിനാൽ അപേക്ഷിച്ചത് പ്രകാരം സർട്ടിഫിക്കററ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ആയത് ഈ പരസ്യം ഗസററിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം താലൂക്കാഫീസിൽ നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷമോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

ക്രമ നമ്പർ	പേര്	പരേതനു മായുള്ള ബന്ധം	വയസ്
1	ചൻമിനി ഉണ്ണിപ്പേരി	ഭാര്യ	50
2	,, തങ്ക	മകൾ	30
3	,, വാസു	മകൻ	26
4	,, അപ്പുണ്ണി	,,	23
5	,, രാജൻ	,,	21
6	,, പ്രേമ	,,	19
7	,, ഗീത	മകൾ	17
8	,, അമിത	,,	10

ഏറനാട്. [(ഒപ്പ്) തഹശീൽദാർ.

Tirur Taluk

ശുദ്ധിപത്രം

ബി5-1522/83. 1983 ജൂലൈ 4.

17-5-1983-ലെ കേരള ഗസററ് വാല്യം XXVIII നമ്പർ 20-ൽ പാർട്ട് III-ൽ 1121-ാം പേജിൽ പരസ്യപ്പെടുത്തിയ തിരൂർ തഹശീൽദാരുടെ 16-4-1983-ലെ ബി5-1522/83 നമ്പർ പരസ്യത്തിൽ പരേതന്റെ മരണതീയതി "16-2-1077" എന്നതിനുപകരം 16-2-1977 എന്ന് തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്, തിരൂർ. (ഒപ്പ്) തഹശീൽദാർ.

Perinthalmanna Taluk

പെരിന്തൽമണ്ണ താലൂക്കാഫീസിൽനിന്നും പരസ്യപ്പെടുത്തുന്നത്.

(1)

റഫ്. ബി4-1393/83. 1983 ജൂലൈ 2.

പെരിന്തൽമണ്ണ താലൂക്ക് കുറുവ വില്ലേജ് കരിഞ്ചാപിടി ദേശത്ത് നിര്യാതനായ പടിക്ക മുഹമ്മദിന്റെ

അവകാശസർട്ടിഫിക്കററിനുവേണ്ടി അപേക്ഷ സമർപ്പിച്ചതിൽ കുറുവ വില്ലേജാഫീസർ അന്വേഷണം നടത്തി താഴെ പറയുന്നവർ മാത്രമാണ് അവകാശികളെന്ന് തെളിഞ്ഞിരിക്കുന്നു.

ക്രമ നമ്പർ	അവകാശികളുടെ പേര്	പരേതനുമായുള്ള ബന്ധം	വയസ്സ്
1	പടിക്കൽ സെയ്താലി	മകൻ	44
2	പടിക്കൽ കുഞ്ഞിപ്പാത്തു	മകൾ	35
3	ചോഴിമംഗലത്ത് കുഞ്ഞിപ്പാത്തുമ്മ	ഭാര്യ	65

ഈ അവകാശസർട്ടിഫിക്കററിൻമേൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഗസററിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം തഹശിൽദാരെ നേരിൽ ബോധിപ്പിക്കേണ്ടതാണ്. തപാൽ മാർഗ്ഗമോ അവധി കഴിഞ്ഞോ കിട്ടുന്ന ആക്ഷേപങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(2)

റഫ്. ബി4-3180/83. 1983 ജൂലൈ 2.

പെരിന്തൽമണ്ണ താലൂക്ക് പുലാമന്തോൾ അംശം ചേലക്കാട് ദേശത്ത് നിര്യാതനായ പുള്ളിക്കത്തൊടി ചരലിൽ മുഹമ്മദുകുട്ടിയുടെ അവകാശസർട്ടിഫിക്കററിനുവേണ്ടി സഹോദരൻ അബൂബക്കർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതിൽ പുലാമന്തോൾ വില്ലേജാഫീസർ മുഖേന അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ മാത്രമാണ് അവകാശികളെന്ന് തെളിഞ്ഞിരിക്കുന്നു.

ക്രമ നമ്പർ	അവകാശികളുടെ പേര്	പരേതനുമായുള്ള ബന്ധം	വയസ്സ്
1	ചരലിൽ പാത്തുമ്മ	സഹോദരി	60
2	,, ഇത്താത്തുമ്മ	,,	57
3	,, അബൂബക്കർ	സഹോദരൻ	54
4	നബീസ്സ ഉമ്മ	സഹോദരി	42
5	ഹവ്വാ ഉമ്മ	,,	38
6	തങ്കയത്തിൽ ആയിഷ ഉമ്മ	ഭാര്യ	37

മേൽ കാണിച്ച അവകാശസർട്ടിഫിക്കററിൻമേൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ ഗസററിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം തഹശിൽദാരെ തെളിവുകൾസഹിതം നേരിൽ ബോധിപ്പിക്കേണ്ടതാണ്. തപാൽ മാർഗ്ഗമോ അവധി കഴിഞ്ഞോ കിട്ടുന്ന ആക്ഷേപങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

കെ. എം. കുഞ്ഞോലൻ,
തഹശിൽദാർ,

പെരിന്തൽമണ്ണ.

KOZHIKODE DISTRICT

Badagara Taluk

തിരുത്ത്

Ref. D2-6089/82. 1983 ജൂൺ 28.

മേൽ നമ്പരായി 19-4-1983-നുള്ള കേരള ഗസററിലെ 856 നമ്പർ പേജിൽ പരസ്യപ്പെടുത്തിയതായ വിജ്ഞാപനത്തിൽ വടകര താലൂക്കിൽ വളയം അംശം ചെറുമോത്തു ദേശത്തിൽ പിള്ളക്കുന്നമ്മൻ ജാനു എന്നതിനുപകരം ജാനു അമ്മ എന്നു തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്,
വടകര.

(ഒപ്പ്)
തഹശിൽദാർ.

Quilandy Taluk

പരസ്യം

(1)

സി5-7300/83. 1983 ജൂലൈ 11.

കൊയിലാണ്ടി താലൂക്ക് ചെങ്ങോട്ടുകാവ് വില്ലേജിൽ മുതിരപറമ്പത്ത് മൊയ്തീൻകോയ എന്നയാൾ (കോഴിക്കോട് എം. എം. ഹൈസ്കൂൾ അദ്ധ്യാപകനായിരിക്കെ) മരണപ്പെട്ടിരിക്കുന്നു. പരേതന്റെ അവകാശ സർട്ടിഫിക്കററിനായി ഭാര്യ ശ്രീമതി സൈനബ ഈ ആഫീസിൽ സമർപ്പിച്ച ഹർജിയിൻമേൽ അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതന്റെ അവകാശികൾ എന്ന് അറിയുന്നു.

ക്രമ നമ്പർ	പേര്		പരേതനുമായുള്ള ബന്ധം	വയസ്സ്
1	മുതിരപ്പറമ്പത്ത്	സൈനബ	ഭാര്യ	32
2	,,	സുൾഫിക്കർ	മകൻ	13
3	,,	സാജിമ	മകൾ	8
4	,,	മുംതാസ്	,,	6
5	,,	കോയാട്ടി ഹാജി	പിതാവ്	75
6	,,	ഉമ്മാച്ചുമ്മ	ഉമ്മ	58

